# കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ്

(*271) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ഓഡിറ്റ് വേണമെന്നുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിലവിലെ നഷ്ടം നികത്താതെ ലാഭകരമായി മുന്നോട്ടുപോകാൻ കെ.എസ്.ആർ.ടി.സി.-യ്ക്ക് സാധിക്കില്ല എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത നഷ്ടം നികത്താൻ കെ.എസ്.ആർ.ടി.സി. സർക്കാരിൽനിന്നും സഹായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ,

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഉന്നതതല ആഡിറ്റ് വേണമെന്ന് WP(C) 15353/2022, 18462/2022 എന്നീ റിട്ട് ഹർജികൾ പരിഗണിക്കുന്ന

വേളയിൽ തുറന്ന കോടതിയിൽ വാക്കാൽ പരാമർശം ഉണ്ടായെങ്കിലും ഇടക്കാല ഉത്തരവുകളിൽ അത്തരത്തിലുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതി കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഒരു resident audit യൂണിറ്റ് കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) സി.എ.ജി. ആഡിറ്റ് പൂർത്തിയാക്കിയ 2015-16 സാമ്പത്തിക വർഷം വരെയുള്ള കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 6048.25 കോടി രൂപയും, സി.എ.ജി. ആഡിറ്റ് അനുമതി ലഭ്യമാകാത്ത 2021-22 സാമ്പത്തിക വർഷം വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് ടി സഞ്ചിത നഷ്ടം 15,952.22 കോടി രൂപയുമാണ്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിലേക്കായി പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശാനുസരണം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം വഴി 3100 കോടി രൂപ വായ്പ സമാഹരിച്ച് ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി വായ്പയുടെ തിരിച്ചടവ് ദൈനംദിന

വരുമാനത്തിൽനിന്നും മുടക്കം കൂടാതെ ഒടുക്കുന്നുമുണ്ട്. മാത്രമല്ല കോവിഡിനെ തുടർന്ന് ടി കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്കുകളിൽനിന്നുമുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി സർക്കാർ വിവിധ ഘട്ടങ്ങളിലായി 420 കോടി രൂപ വായ്പ തിരിച്ചടവിനായി ധനസഹായം അനുവദിച്ചിട്ടുമുണ്ട്. ഡീസൽ വിലയിലെ അനിയന്ത്രിത വർദ്ധനവ് നിമിത്തം വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ ചെലവിനായും കൺസോർഷ്യം വായ്പ തിരിച്ചടവിനത്തിലും ചെലവഴിക്കുകയാണ്. പ്രസ്തുത സാഹചര്യത്തിൽ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവ് കോർപ്പറേഷന് അധിക ബാധ്യത തന്നെയാണെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി മറി കടക്കാൻ സാധിക്കും. കെ.എസ്.ആർ.ടി.സി.-യുടെ മുൻകാല ബാധ്യത ഒഴിവാക്കിയാൽ ഈ സ്ഥാപന പ്രവർത്തന ചെലവ് ചുരുക്കുന്ന ഒട്ടേറെ നടപടികളാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ജീവനക്കാരുടെ വേതനം പുതിയ നിയമനംമൂലം ഇനി വർദ്ധിക്കില്ലയെന്ന് മാത്രമല്ല കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ സഹായത്താൽ ഓപ്പറേറ്റിംഗ് ചെലവ് കുറയ്ക്കാനും ഉൽപ്പാദന

ക്ഷമത കൂട്ടാനും സാധിക്കുന്നുണ്ടെന്നും കഴിഞ്ഞ 2 മാസത്തെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രവർത്തനം തെളിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് ശിപാർശ, തൊഴിലാളികളുമായി ആലോചിച്ച് നടപ്പാക്കുമ്പോൾ ഇന്നത്തെ ഈ പ്രതിസന്ധി ഉടൻതന്നെ മാറുമെന്ന കണക്കുകൂട്ടലിലാണ് ഗവൺമെന്റ്. 3,500 കോടി രൂപയുടെ നഷ്ടം ഒറ്റയടിക്ക് നികത്താനാകില്ല. ബാങ്കുകളുടെ കടം വീട്ടാനുള്ള സഹായം ഗവൺമെന്റ് ഇപ്പോൾ നൽകുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്നും ഡീസൽ, സ്പെയർ പാർട്സ്, കൺസോർഷ്യം വായ്പ തിരിച്ചടവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ കഴിച്ചശേഷം പ്രതിമാസം വരവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 100 കോടി രൂപയോളം വരും. ഈ അന്തരം നിമിത്തമാണ് ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രത്യേക തുക കണ്ടെത്താൻ കഴിയാത്തത്. വരവ്-ചെലവിലെ അന്തരത്തിന് ആനുപാതികമായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നതിനായി കോർപ്പറേഷൻ എല്ലാ മാസവും മുൻകൂറായി സർക്കാരിൽനിന്നും 60 മുതൽ 70 കോടി രൂപ വരെ സാമ്പത്തിക സഹായം തേടുന്നുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കോവിഡ് പ്രതിസന്ധിയിൽ ഓടാതെ 2,885 കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആക്രിയാകുന്ന എന്നൊരു മാധ്യമ റിപ്പോർട്ട് ഉണ്ടായിരുന്നു. ചുരുങ്ങിയത് അഞ്ഞൂറ് കോടി രൂപയുടെ പൊതുമുതലാണ് ഇത്തരത്തിൽ നശിച്ചുപോകുന്നത്. ഇതിൽ ഏഴുവർഷം മാത്രം പഴക്കമുള്ള ബസ്സുകളുണ്ട്. ആലുവ, ഇടപ്പാൾ, ഈഞ്ചയ്ക്കൽ, തേവര, ചടയമംഗലം, ചാത്തന്നൂർ, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ നിരവധി വണ്ടികൾ ഒതുക്കിയിട്ടു. ഇതെല്ലാം നശിച്ചുപ്പോയി. സർക്കാരിന്റെ തെറ്റായ നയംമൂലമല്ലേ ഈ ദുരവസ്ഥ. ഇത്രയും കോടിരൂപയുടെ നഷ്ടം ഉണ്ടാകാൻ കാരണം വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, വളരെ അതിശയോക്തിയുള്ള കണക്കാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഈ കാലഘട്ടത്തിൽ പല കാരണങ്ങൾകൊണ്ട് 900-ൽപരം വണ്ടികൾ സ്ക്രാപ് ചെയ്യാനായി നമ്മൾ മാറ്റിയിട്ടിരുന്നു. അതിൽതന്നെ ഏതാണ്ട് 400-ൽപരം ബസ്സുകൾ സ്ക്രാപ് ചെയ്തു കഴിഞ്ഞു. കൃത്യം എണ്ണം കഴിഞ്ഞ തവണ സഭയിൽ പറഞ്ഞതാണ്. ബാക്കി ബസ്സുകൾ കൊടുക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. ഉപയോഗിക്കാൻ കഴിയുന്നവ എങ്ങനെ

ഉപയോഗിക്കാമെന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വെറും 900-നെ 2000, 3000, 4000-മാക്കി ചിത്രീകരിക്കുന്നത് നമുക്ക് പൊതുവെ ഗുണകരമല്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കോവിഡ് സമയത്ത് റൊട്ടേഷൻ അടിസ്ഥാനത്തിലായിരുന്നു ബസ്സുകൾ ഉപയോഗിച്ചിരുന്നത്. അതായത് ഷെഡ്യൂൾ കുറഞ്ഞെങ്കിലും ഒരേ റൂട്ടിലേക്ക് ബസ്സുകൾ മാറി മാറി ഉപയോഗിക്കും. ഡീസൽ ബസ്സുകൾ ഓടിക്കാതെ ദീർഘനാൾ വച്ചാൽ അവ പ്രവർത്തനരഹിതമാകുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിലായിരുന്നു റൊട്ടേഷൻ സംവിധാനം നിലവിൽ വന്നത്. എന്നാൽ ഇത് അട്ടിമറിക്കപ്പെട്ടു. അതിന്റെ കാരണം വിശദമാക്കാമോ. നിരവധി ബസ്സുകൾ നശിക്കാൻ ഇത് കാരണമായിട്ടില്ലേ?

ശ്രീ. ആന്റണി രാജു: സർ, അതൊന്നും ശരിയല്ല. 720 ജൻറം ബസ്സുകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പല ഘട്ടങ്ങളിലായി എല്ലാ സംസ്ഥാനങ്ങളും എടുക്കാൻ നിർബന്ധിതമായ ഒരു ഘട്ടത്തിൽ കേരളത്തിലുമെടുക്കാൻ നിർബന്ധിതമായ 720 ബസ്സുകളാണ് ഇതിൽ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ അനുഭവപ്പെടുന്നത്. കാരണം

ഇതിന്റെ മെയിന്റനൻസ് കോസ്റ്റും ഡീസൽ ചെലവും വളരെ കൂടുതലാണ്. ഇത്തരം കാരണങ്ങൾകൊണ്ട് ആ ബസ്സുകൾ നമുക്ക് ലാഭകരമായി ഓടിക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ എ.സി. ബസ്സുകൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ കോവിഡ് കാലഘട്ടത്തിൽ ഓടിക്കാൻ പറ്റിയിരുന്നില്ല. എ.സി. ബസ്സുകളിൽ പലതും ജെൻറം ബസ്സുകളാണ്. എ.സി. ബസ്സുകൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓടിക്കാൻ കഴിയുമെന്ന വാദം ശരിയല്ല. കോവിഡ്മൂലം രണ്ടുവർഷക്കാലം നമുക്ക് സർവ്വീസുകൾ വളരെ കുറഞ്ഞു. അതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അല്ലാതെ ബോധപ്പൂർവ്വം യാതൊരു രീതിയിലും അങ്ങനെ ബസ്സുകൾ കേടാക്കുന്ന രീതിയിലുള്ള ഒരു പ്രവർത്തനവും നടന്നിട്ടില്ല.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കെ.എസ്.ആർ.ടി.സി.-യിൽ 5,098 സ്ഥിര നിയമനങ്ങൾ ഒഴിവാക്കാൻ നിർദ്ദേശം നൽകിയെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. വിരമിക്കുന്ന ജീവനക്കാർക്ക് പകരം നിയമനം ഉണ്ടാകില്ല. ഇത് ലക്ഷക്കണക്കിന് തൊഴിൽരഹിത യുവാക്കളോടുള്ള അനീതിയല്ലേ. സർക്കാർ സർവ്വീസിലെ ജോലി വെട്ടികുറച്ചുകൊണ്ട് കരാർ ജീവനക്കാരെ

നിയമിക്കുന്ന ഈ നിലപാടുകൾ സർക്കാരിന്റെ നയമാണോ?

ശ്രീ. ആന്റണി രാജു: സർ, എം പാനൽ ജീവനക്കാരെ നിയമിച്ചുതുടങ്ങിയത് ഏത് കാലഘട്ടത്തിലാണെന്ന് ഞാനിവിടെ പറയുന്നില്ല. ഇപ്പോൾ നമുക്കുള്ളത് 26,173 എംപ്ലോയീസ് മാത്രമാണ്. അതിൽ കണ്ടക്ടർമാർ 8,994-ഉം ഡ്രൈവർമാർ 9,461-മാണ്. ഇതിൽതന്നെ നമ്മൾ നിലവിലുള്ള ഒരു കണ്ടക്ടർക്കും ഡ്രൈവർക്കും അല്ലെങ്കിൽ സ്റ്റാഫിനും ജോലി കൊടുക്കാതിരിക്കുന്നില്ല. ഇവരെ നിലനിർത്തിക്കൊണ്ട് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ഒരാളെപ്പോലും എടുക്കുന്നില്ല. വ്യാജ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ആരെങ്കിലും ഊതിപ്പെരുപ്പിക്കുന്നത് കേട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭപ്പോലുള്ള വേദിയിൽ ഇത്തരം അടിസ്ഥാനരഹിതമായ കണക്കുകൾ പറയരുത്. കെഎസ്.ആർ.ടി.സി.-യിൽ അങ്ങനെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജീവനക്കാരെ താഴെ തട്ടിലെടുക്കുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് വിംഗിൽ എടുക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ചുമാത്രം പരിമിതമായി എടുക്കുന്നതൊഴിച്ചാൽ നിലവിലുള്ള മറ്റ് വേക്കൻസികൾ, കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക് തുടങ്ങിയ ഒരു മേഖലകളിലും കോൺട്രാക്ട്

അടിസ്ഥാനത്തിൽ ആളുകളെ എടുക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടികുറച്ച് നഷ്ടം നികത്താൻ ആലോചിക്കുന്നതിനുപകരം എല്ലാ ഷെഡ്യൂളും ഓപ്പറേറ്റ് ചെയ്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ഈ ജൂൺ മാസത്തിലെ ജീവനക്കാരുടെ ശമ്പളം എന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ വെട്ടികുറയ്ക്കുവാൻ നിർബന്ധിതമായത്, യാത്രക്കാരുടെ എണ്ണം കൊവിഡിനുമുമ്പ് ഏതാണ്ട് മുപ്പതുലക്ഷമായിരുന്നത് പ്രതിദിനം ഇപ്പോഴത് പതിനെട്ട് ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. നിലവിലുള്ള ജീവനക്കാരെ വച്ചുതന്നെ കൂടുതൽ സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയും. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം ശാസ്ത്രീയ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞാൽ നമുക്ക് നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ കൂടുതൽ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. ഇതിലൂടെ 180 -190 ആയിരുന്ന ഇൻകം 240 ആയി

വർദ്ധിപ്പിക്കുവാനും കഴിയും. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്, അതിനുള്ള ആലോചനകൾ, ചർച്ചകൾ നടന്നുവരികയാണ്. ശമ്പളത്തിന്റെ കാര്യത്തിൽ ഇപ്പോൾ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്, തുക ലഭ്യമാകുന്ന മുറയ്ക്ക് ശമ്പളം എത്രയുംവേഗം കൊടുക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ, കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നപരിഹാരത്തിന്റെ ഭാഗമായി ആവശ്യമില്ലാത്ത ചില സംവിധാനങ്ങൾ (ചില വർക്ക് ഷോപ്പുകൾ എന്നിങ്ങനെയുള്ള ഡിപ്ലോയ്മെന്റുകൾ) ഒഴിവാക്കുന്നതിനെ കുറിച്ച് സംസാരിച്ചു. എന്നാൽ ആവശ്യമുള്ള ചില സംവിധാനങ്ങൾ വേണം. എന്റെ നിയോജകമണ്ഡലത്തിൽ ഇരിട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ ബസ് ഡിപ്പോയില്ല. അവിടെ യാത്രക്കാർക്ക് ആവശ്യമായ യാതൊരു സംവിധാനങ്ങളുമില്ല. അവിടെ ഒരു ഡീസൽ ഡിപ്പോയുൾപ്പെടെ... കാരണം, വയനാട്, കർണ്ണാടക (ബാംഗ്ലൂർ) എന്നീ ഭാഗങ്ങളിലേയ്ക്ക് പോകുന്നതിനുള്ളൊരു ജംഗ്ഷനാണത്. കണ്ണൂർ വിമാനത്താവളം, കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്,

കാസർഗോഡ് എന്നീ ഭാഗങ്ങളിലേയ്ക്കെല്ലാം പോകുന്ന വാഹനങ്ങൾ കണ്ണൂരിലോ തലശ്ശേരിയിലോ പോയി ഡീസൽ അടിച്ച് വീണ്ടും വരണം. അത് ഒഴിവാക്കിക്കൊണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ, ജനനിബിഡമായിട്ടുള്ള പ്രദേശത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഡീസൽ ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും വെട്ടിക്കുറയ്ക്കുന്നു എന്നതരത്തിൽ ഒരു ദുഷ്പ്രചരണം നടക്കുന്നുണ്ട്. കേരളത്തിൽ നിലവിലുള്ള ഒരു ഡിപ്പോയും ഓപ്പറേറ്റിംഗ് സെന്ററും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോൾ വെട്ടിക്കുറയ്ക്കില്ല. 71 ഡിപ്പോകളും 22 ഓപ്പറേറ്റിംഗ് സെന്ററുകളുമാണ് കേരളത്തിലുള്ളത്. എന്നാൽ, ഇത്രയേറെ ഡിപ്പോകൾ നിലവിലുള്ളപ്പോൾ പുതുതായി ഡിപ്പോ തുറക്കുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. എങ്കിലും, കണ്ണൂരിന്റെ മലയോര പ്രദേശങ്ങളിൽ ഡിപ്പോകളുടെയും ഓപ്പറേറ്റിംഗ് സെന്ററുകളുടെയും കുറവുണ്ട്. ആ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനായി അവിടെ പുതുതായി അവ ആരംഭിക്കുന്നതിനെക്കുറിച്ച്.... ബഹുമാനപ്പെട്ട എം.എൽ.എ.-മാർ

സജീവമായി ഇടപെട്ട് സ്ഥലവും ഓപ്പറേറ്റിംഗ് കെട്ടിടത്തിനുള്ള എം.എൽ.എ.ഫണ്ടുമെല്ലാം ലഭ്യമാക്കിയാൽ നമുക്കവിടെ ഓപ്പറേറ്റിംഗ് സെന്ററോ ഡിപ്പോയോ തുടങ്ങുന്ന കാര്യം സജീവമായി പരിഗണിക്കാം.

ഇത്രയും എണ്ണം ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും (ആകെ 93 എണ്ണം) ഉള്ളപ്പോൾ അവിടെയെല്ലായിടത്തും അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ആവശ്യമില്ല. ഞാൻ കഴിഞ്ഞ പ്രസംഗത്തിൽ പറഞ്ഞു, കർണ്ണാടകയിൽ നമ്മളേക്കാൾ മൂന്നിരട്ടി ബസ്സും ജീവനക്കാരുമുണ്ട്. അവിടെ 18 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളാണുള്ളത്. കേരളത്തിൽ 93 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുണ്ട്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ 93 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളെ ജില്ലാ ഹെഡ് ക്വാർട്ടേഴ്സിലേയ്ക്ക് മാറ്റി ഇപ്പോൾ 15 എണ്ണമായി ചുരുക്കിയിട്ടുണ്ട്. അടുത്ത തിങ്കളാഴ്ച മുതൽ കേരളത്തിൽ 15 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ മാത്രമേ ഉണ്ടാകുകയുള്ളൂ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്. ഈ സംവിധാനം വരുന്നതിലൂടെ ഒരു സർവ്വീസും മുടങ്ങില്ല, മറ്റ് ഓപ്പറേഷനുകളെ ഒന്നുംതന്നെ ബാധിക്കുകയുമില്ല. അവിടെയുള്ള ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ടൈപ്പിസ്റ്റ് തുടങ്ങിയ മൂന്നാല്

സ്റ്റാഫിനെ ഓരോ ജില്ലയിലും കേന്ദ്രീകരിക്കും. അവരെ ഓഫീസ് പ്രവർത്തനങ്ങൾക്കും അറ്റന്റൻസ്, സാലറി, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങൾക്കും മാത്രമാക്കും. അതേസമയം കൺസഷൻ, മറ്റ് പാസ്സുകൾ എന്നിവ വിതരണം ചെയ്യുന്ന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും അതുപോലെ നിലനിൽക്കും. അതിനാൽ യാതൊരു ആശങ്കയും വേണ്ട. കേരളത്തിലെ ഒരു ഡിപ്പോയും ഓപ്പറേറ്റിംഗ് സെന്ററും പൂട്ടില്ല.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. പല പദ്ധതികളും നടപ്പാക്കാമെന്നുള്ള ധാരണകളുണ്ടായെങ്കിലും അത് യാഥാർത്ഥ്യമാകുന്ന കാര്യത്തിൽ വലിയ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എറണാകുളത്തിന്റെ മുഖമാണ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്. 8 ഏക്കറോളം സ്ഥലമുണ്ട്. ഏറ്റവും കൊമേഴ്സ്യൽ വാല്യു ഉള്ള സ്ഥലമാണ്. അവിടെ ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇത് ഇന്നത്തെ ചോദ്യവുമായി പുലബന്ധം

പോലുമില്ലാത്തൊരു ചോദ്യമാണ്. പ്രത്യേകമായി എഴുതി തന്നാൽ മാത്രമേ ഇതിന് വ്യക്തമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ. എന്നാൽ അങ്ങേയ്ക്കും എനിക്കും അറിയാം, അവിടത്തെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ചില നീക്കങ്ങൾ നമ്മൾ ഒരുമിച്ച് നടത്താൻ ആലോചിക്കുന്നുണ്ട്; ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. സ്മാർട്ട് സിറ്റിയുടെ സഹായത്തോടുകൂടി അവിടെ പുതിയ ഡിപ്പോയ്ക്കുള്ള ആലോചനകൾ ഗൗരവമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കെ.എസ്.ആർ.ടി.സി. ബസ്സിനെ മാത്രം ആശ്രയിച്ച് യാത്ര ചെയ്യുന്നവരുള്ള മലയോര മേഖലകളിൽ ഡീസൽ ക്ഷാമംമൂലം ചില ട്രിപ്പുകൾ കട്ടായിപ്പോകുന്ന സാഹചര്യമുണ്ട്. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പൂവാറംതോട്, കക്കാടംപൊയിൽ, പാറത്തോട്, ആനക്കാംപൊയിൽ, കരിമ്പ് തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കുള്ള ട്രിപ്പുകൾ റദ്ദാകുന്ന സാഹചര്യമുണ്ട്. അത് ഈ ബസ്സുകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന അല്ലെങ്കിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് ദുഷ്കരമാകുന്നൊരു സാഹചര്യമുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നതാണ്

എന്റെ ചോദ്യം?

ശ്രീ. ആന്റണി രാജു: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ എണ്ണം പല പ്രദേശങ്ങളിലും ഗണ്യമായി കുറഞ്ഞതുകൊണ്ട് പൊതുവെ പല സർവ്വീസുകളും നിർത്തലാക്കേണ്ടി വരുന്നു. പക്ഷേ, ഇപ്പോഴവ ഘട്ടംഘട്ടമായി പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. തീരെ നഷ്ടം സഹിച്ചുകൊണ്ട് ഓടാൻ സാധിക്കുന്നൊരു അവസ്ഥയല്ല ഇപ്പോഴുള്ളത്. അതിനാൽ, നഷ്ടമില്ലാത്ത റൂട്ടുകളിൽ നിർത്തിവച്ചിരിക്കുന്ന സർവ്വീസുകളെല്ലാം ഘട്ടംഘട്ടമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പ്രത്യേകമായി എഴുതി തന്നാൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിൽനിന്ന് ജില്ലയിലെ മറ്റൊരു ഭാഗമായ പെരിന്തൽമണ്ണ, വഴിക്കടവ് പ്രദേശത്തേയ്ക്ക്, തിരൂരിൽനിന്നും തൃശ്ശൂരിലേയ്ക്കും ഗോപാലപുരത്തേയ്ക്കും ഉണ്ടായിരുന്ന സർവ്വീസുകൾ കുറേക്കാലമായി നിർത്തൽ ചെയ്ത സാഹചര്യം ഇപ്പോഴുണ്ട്. അവ പുനഃസ്ഥാപിക്കാൻ ആവശ്യമായ സംവിധാനം ഉടൻ ഉണ്ടാക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, അത് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത ട്രിപ്പുകളെയും നിർത്തിവച്ച ട്രിപ്പുകളെയും സംബന്ധിച്ച് പ്രത്യേകം ചോദിച്ചാൽ മാത്രമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ. എങ്കിലും, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, മലയോര മേഖലയിൽ, പിന്നോക്ക മേഖലകളിൽ ഭൂമി ലഭ്യമാണെങ്കിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അത് സ്വാഗതാർഹമാണ്. എന്റെ നിയോജക മണ്ഡലത്തിൽ കർണ്ണാടക അതിർത്തിയായ പെരിക്കല്ലൂരിൽ രണ്ടേക്കർ ഭൂമിയിൽ അവിടെ കെ.എസ്.ആർ.ടി.സി./വകുപ്പ് പറയുന്ന രീതിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടും അതോടൊപ്പംതന്നെ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാണ്. അതിനാൽ ഈ ഭൂമി ഏറ്റെടുത്ത് അവിടെ ഒരു കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, എവിടെയെങ്കിലും സ്ഥലവും കെട്ടിടവും ലഭ്യമാണെന്ന് പറഞ്ഞതുകൊണ്ട് മാത്രം കാര്യമില്ല. അവിടെ സൗകര്യപ്രദമായി സർവ്വീസ് നടത്താനും, അത് ജനങ്ങൾക്ക് ഉപയോഗപ്രദമാണെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് കൂടി ബോധ്യപ്പെടുന്ന സ്ഥലങ്ങൾകൂടി ആയിരിക്കണം. അങ്ങനെയുള്ള അവസ്ഥയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലവും സൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ, അത് ഫീസിബിളാണെങ്കിൽ വയനാട് ജില്ലയുടെ പ്രത്യേക സാധ്യതകൾ പരിഗണിച്ച് അവിടെ നിശ്ചയമായും ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, കെ.എസ്.ആർ.ടി.സി.-യുടെ ടൂർ പാക്കേജ് ജനങ്ങൾ വളരെ നന്നായി ഉപയോഗപ്രദമാക്കുന്നുണ്ട്. ഇപ്പോൾ പ്രധാനപ്പെട്ട പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജുമായി എത്തുന്നുണ്ട്. ഇപ്പോൾ ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽക്കൂടി കെ.എസ്.ആർ.ടി.സി. പോകുന്നുണ്ടോ; ഇല്ലെങ്കിൽ അത് സാധ്യമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, ഈ അടുത്ത കാലത്തായി

കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ചൊരു സംവിധാനമാണിത്. അതിന് വളരെയേറെ പ്രോത്സാഹജനകമായ പിന്തുണയാണ് ജനങ്ങളിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. നല്ല വരുമാനവും കിട്ടിത്തുടങ്ങിയിട്ടുണ്ട്. അത് വിപുലീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ട്. പക്ഷേ ഒരു പ്രശ്നം, വീക്കെന്റുകളിലാണ് നമുക്ക് ടൂർ പോകാനായി ആവശ്യം വരുന്നത്. ആ സമയത്ത് കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളുടെ സർവ്വീസ് മുടക്കി പോകാൻ സാധിക്കില്ല. അത് നികത്തുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാകുന്ന വിധത്തിൽ സ്വകാര്യ ബസ്സുകളെ ആ ദിവസങ്ങളിലേയ്ക്കുമാത്രം വാടകയ്ക്കെടുത്ത് ടൂർ പാക്കേജുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. അത് നമുക്ക് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിനും വിപുലീകരിക്കാം. കാരണം, കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക പെർമിറ്റുകൾ എടുക്കുക എന്നത് വലിയ ചെലവാണ്. അതേസമയം പെർമിറ്റുള്ള സ്വകാര്യ ബസ്സുകളെടുത്ത് ഓടിച്ചാൽ സ്വകാര്യ ബസ്സുടമകൾ ഇന്ന് അനുഭവിക്കുന്ന യാതനകൾക്കും ഒരു പരിഹാരമുണ്ടാകും. ജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നതുകൊണ്ടുള്ള വിശ്വാസവും അതോടൊപ്പം കെ.എസ്.ആർ.ടി.സി.-

ക്ക് വരുമാനവും ഉണ്ടാകും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ കെ.എസ്.ആർ.ടി.സി.-യുടെ ചെലവിൽ ഒന്നാമത്തെ പ്രയോറിറ്റി നൽകേണ്ടത് തൊഴിലാളികളുടെ ശമ്പളത്തിനാണെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവ് വന്നതിനുശേഷവും ശമ്പളം കൊടുക്കുന്നതിനേക്കാൾ പ്രയോറിറ്റി മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതായി കാണുന്നു. ഇനിയെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം ചെലവ് ചെയ്യുമ്പോൾ ഒന്നാമത്തെ പ്രയോറിറ്റി ശമ്പളം കൊടുക്കുന്നതിന് എന്ന നിലയ്ക്ക് സർക്കാർ കാണുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-യുടെ പ്രയോറിറ്റി ശമ്പളം കൊടുക്കുന്നത് തന്നെയാണ്. പക്ഷേ, അങ്ങ് പറയുന്നത് ഡീസൽപോലും അടിക്കാതെ ബസ്സോടിക്കാൻ കഴിഞ്ഞാൽ പ്രയോറിറ്റി അതിലേയ്ക്ക് മാറ്റാം. ഡീസലിന്റെ കാശ് കൊടുക്കേണ്ടേ? ബഹുമാനപ്പെട്ട കോടതി പറഞ്ഞത് അങ്ങ് ശരിയായ അർത്ഥത്തിലല്ല മനസ്സിലാക്കിയിട്ടുള്ളത്. കോടതി പറഞ്ഞത്, ശമ്പളം കൊടുക്കുമ്പോൾ കണ്ടക്ടർ, ഡ്രൈവർ തുടങ്ങിയവർക്കും താഴെത്തട്ടിലുള്ള ജീവനക്കാർക്കും

പ്രയോറിറ്റി കൊടുക്കുക എന്നതാണ്. ഓഫീസർമാർക്ക് അതുകഴിഞ്ഞുള്ള പ്രയോറിറ്റി നൽകുക. ഇങ്ങനെത്തന്നെയാണ് ഓർഡറിലുള്ളത്. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശമുണ്ടെങ്കിൽപ്പിന്നെ അതല്ലേ ഞങ്ങൾക്ക് അനുസരിക്കാൻ സാധിക്കുകയുള്ളൂ. കോടതി ഉത്തരവ് ലംഘിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയില്ല. നമ്മൾ മനസ്സിലാക്കേണ്ടത്, 2012-നുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കെ.എസ്.ആർ.ടി.സി.-യുടെ ചുമതലയുള്ള മന്ത്രി ആയതിനുശേഷം, ഏറ്റവും ആദ്യമായി, ചരിത്രത്തിൽ ആദ്യമായി കെ.എസ്.ആർ.ടി.സി. ഓപ്പറേഷണൽ പ്രോഫിറ്റിലേയ്ക്ക് എത്തിയത് 2022 മെയ്, ജൂൺ മാസങ്ങളിലാണ്. ഓപ്പറേഷൻ ഇൻകം ആൻഡ് എക്സ്പെന്റീച്ചർ പരിശോധിച്ചാൽ 2012-നുശേഷം മെയ് മാസം പ്രോഫിറ്റ് എന്നത് 5.42 കോടി രൂപയാണ്, ജൂൺ മാസം 3.68 കോടി രൂപയാണ്. അങ്ങനെ കെ.എസ്.ആർ.ടി.സി. പഴയ അവസ്ഥയിൽനിന്നൊക്കെ മാറി ഇംപ്രൂവ് ചെയ്ത് വരികയാണ്. പക്ഷേ പഴയ കടങ്ങൾ, ബാങ്കിന്റെ കൺസോർഷ്യം, ഒ.ഡി. പേമെന്റ്, എം.എ.സി.റ്റി., എൽ.എ.ആർ. എന്നിങ്ങനെയുള്ള ധാരാളം പഴയ കടങ്ങൾ ഇപ്പോൾ നമ്മളാണ് വീട്ടിക്കൊണ്ടിരിക്കുന്നത്.

അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക പ്രതിസന്ധി. ഓപ്പറേഷണൽ പ്രോഫിറ്റും എക്സ്പെൻസും ഇൻകവും നോക്കിയാൽ ഓപ്പറേഷണൽ പ്രോഫിറ്റാണ്. ഡീസലിന്റെ ചെലവും ശമ്പളവും വരുമാനവും തട്ടിച്ചുനോക്കിയാൽ ഈ ലാഭം ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. പക്ഷേ പഴയ കുടിശ്ശികകൾ എല്ലാവരുംകൂടി ഉണ്ടാക്കിവച്ചതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കെ.എസ്.ആർ.ടി.സി.യുടെ ചില പ്രധാനപ്പെട്ട കേന്ദ്രങ്ങൾ കൊമേഴ്സ്യലി വൈബിൾ ആയിട്ടുള്ള സ്ഥാപനങ്ങളാക്കി മാറ്റാൻ ഒരു പദ്ധതിയുണ്ടായിരുന്നു. തമ്പാനൂർ, തിരുവല്ല, ഹരിപ്പാട്, കോഴിക്കോട് ഇങ്ങനെയുള്ള കൊമേഴ്സ്യലി വൈബിളായിട്ടുള്ള സ്ഥലങ്ങളിൽ, ഹൈവേയുടെ തീരങ്ങളിൽ കൊമേഴ്സ്യൽ കോംപ്ലക്സുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി ഉണ്ടായിരുന്നു. അത് പൊതുവേ പരിശോധിക്കുമ്പോൾ ഫലപ്രദമാകുന്നില്ലായെന്നുള്ളതാണ്. കെ.എസ്.ആർ.ടി.സി. അത് പരിശോധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ, ഇപ്പോൾ പല സ്ഥലത്തും കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുകയാണ്, അവയെ കൊമേഴ്സ്യലി വൈബിളാക്കാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? കോടിക്കണക്കിന് രൂപ മുടക്കിയാണ് ഇതെല്ലാം

സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഒരു വരുമാനവും ലഭിക്കുന്നില്ല എന്നതാണ് എന്റെ പ്രാഥമിക നിഗമനം. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കുമോ, അവയെ കൊമേഴ്സ്യലി വൈബിളാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. പ്രത്യേകിച്ച് അങ്ങയുടെ മണ്ഡലമായ ഹരിപ്പാട്ട് തന്നെ രണ്ടുമൂന്ന് മീറ്റിംഗുകൾ നടത്തി, മുടങ്ങിക്കിടന്ന വർക്കുകൾ പുനഃസ്ഥാപിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്. ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ് പണികളിൽ ഏതാണ്ട് 50 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. യാർഡ് ഡെവലപ്മെന്റിനുള്ള എ.എസ്. ഇഷ്യൂ ചെയ്തു കഴിഞ്ഞു. പല ബാങ്കുകളെയും സർക്കാർ ഓഫീസുകളെയും സമീപിച്ചപ്പോൾ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം എടുക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ സംസ്ഥാനത്ത് നിരവധി സ്ഥലങ്ങൾ ഉണ്ട്, പക്ഷെ കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ സാമ്പത്തിക പരിമിതിമൂലം, ലോൺ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കാൻ കഴിയില്ല. അതുകൊണ്ട് പി.പി.പി. മോഡലിൽ സംസ്ഥാനത്തെ ഇത്തരം കേന്ദ്രങ്ങളിൽ കെ.എസ്.ആർ.ടി.സി.

ബസ് ടെർമിനൽ കോംപ്ലക്സുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന് ധനകാര്യവകുപ്പുമായും കിഫ്ബിയുമായും ഗൗരവകരമായ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും കണ്ണായ സ്ഥലങ്ങളാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. പക്ഷെ അൻപതും, അറുപതും, എഴുപതും വർഷമായി ഈ സ്ഥലങ്ങൾ ഐഡിലായി കിടക്കുകയാണ്. ഇത്തരം സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനമുണ്ടാക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ആറ് കേന്ദ്രങ്ങളിൽ ഇത്തരം നടപടികൾ ആരംഭിക്കുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരുപാട് കടമ്പകളുണ്ട്, ആ കടമ്പകളെല്ലാം തരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

(*272) ശ്രീ. ടി.സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുമായി പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) മാർക്കറ്റ് ആവശ്യകത അനുസരിച്ച് പച്ചക്കറി ഉല്പാദനം ക്രമീകരിക്കുന്നതിന് പച്ചക്കറി ഉല്പാദന കലണ്ടർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്"

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉൽപാദനത്തിൽ കുടുംബങ്ങൾ

കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയം പര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉൽപാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉൽപാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉൽപാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യവത്കരണത്തിനും വഴിതെളിക്കുന്നു.+

(ബി) ഇല്ല. എന്നാൽ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ബ്ലോക്ക് ജില്ലാ അടിസ്ഥാനത്തിലും വിള നിർണയ പ്ലാനുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കി ആകണം വിള നിർണയിക്കേണ്ടതെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക മേഖലയും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളും മാനദണ്ഡമാക്കിയുള്ള വിള നിർണ്ണയമാണ് അനുവർത്തിക്കേണ്ടതെന്നും അതനുസരിച്ചുള്ള ബഡ്ജറ്റിംഗ് ആയിരിക്കണം കൃഷി വകുപ്പ് നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചിട്ടുള്ള നടപടികൾ പൂർത്തിയാകുന്നതോടെ കാർഷിക വിളകളുടെ ഇനം, വിസ്തൃതി, പരിചരണമുറകൾ, ഉൽപ്പാദനം

\+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

എന്നിവ മുൻകൂട്ടി നിശ്ചയിക്കുവാനും അതനുസരിച്ചിട്ടുള്ള വിപണി മുൻകൂട്ടി കണ്ടെത്തുവാനും സാദ്ധ്യമാകും.

(സി) പച്ചക്കറി കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖല നിലവിലുണ്ട്. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി, ഇടുക്കിയിൽ ദേവികുളം, പാലക്കാട് ജില്ലയിൽ ചിറ്റൂർ, തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ എന്നീ സ്ഥലങ്ങളാണ് പച്ചക്കറി കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ. പാരിസ്ഥിതികവും, സാമ്പത്തികവുമായ നേട്ടങ്ങൾ കർഷകർക്ക് പ്രധാനം ചെയ്യുന്നതിന് വേണ്ടിയാണ് പച്ചക്കറി കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖലക്ക് രൂപം കൊടുത്തിട്ടുള്ളത്.

കൂടാതെ കാലവസ്ഥയുടെയും മണ്ണിന്റെ ഘടനയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 കാർഷിക പാരിസ്ഥിക മേഖലയായും 23 കാർഷിക പാരിസ്ഥിക യൂണിറ്റുകളായും തരം തിരിച്ചിട്ടുണ്ട്. അനുയോജ്യമായ പച്ചക്കറികൾ ബന്ധപ്പെട്ട പാരിസ്ഥിതിക മേഖലകളിലും യൂണിറ്റുകളിലും കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതലായി ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി പ്രത്യേക ഘടകവും ആവിഷ്കരിച്ച്

നടപ്പിലാക്കി വരുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ, അവയവ തകരാറുകൾ, മെറ്റബോളിസത്തിന്റെ തകർച്ചമൂലമുള്ള വിവിധ പ്രശ്നങ്ങൾ എന്നിവ സ്വാഭാവികമായും വളരെയധികം കൂടിവരികയാണ്. സ്വാഭാവികമായും ഇതിന്റെയൊരു കാരണം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷം കലർന്ന പച്ചക്കറികളുടെ ഉപയോഗമാണ്. നമ്മൾ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത പ്രഖ്യാപിക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. കോവിഡ് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഈ കാര്യത്തിൽ പ്രത്യേകമായ പദ്ധതി വിഭാവനം ചെയ്തു. പഴം-പച്ചക്കറികളുടെ പ്രത്യേകമായ നയം ഗവൺമെന്റ് രൂപീകരിച്ചു. ഇതെല്ലാമായിട്ടും ഓർഗാനിക് പച്ചക്കറിയുടെ കാര്യത്തിൽ ഇപ്പോഴും ഒരു കാര്യത്തിലും മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ലായെന്നുള്ളതുമാത്രമല്ല, അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് വിഷം കലർന്ന പച്ചക്കറികൾ ഉപയോഗിച്ച് നമ്മൾ മുന്നോട്ട് പോകുകയാണ്, ആരോഗ്യത്തകർച്ച നേരിടുകയാണ്. സമഗ്രതലത്തിൽ ഇതിനുവേണ്ടിയുള്ള നയം രൂപീകരിച്ച് മുന്നോട്ട് പോകാൻ സർക്കാർ മുന്നോട്ട് വരുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ ഒരു പോർഷൻ ശരിയാണ്, പക്ഷെ അംഗം എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് അറിയില്ല. മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പിന്റേയും നേതൃത്വത്തിൽ നടന്ന ഈ പരിശ്രമങ്ങൾ വലിയ ചരിത്ര വിജയമാണെന്നാണ് കണക്കുകൾ നമ്മളെ ബോധ്യപ്പെടുത്തുന്നത്. ഞാൻ ഒരു കണക്ക് മാത്രം ഉദ്ധരിക്കാം, 2015-16 വർഷത്തിൽ കേരളത്തിൽ ഉണ്ടായ പച്ചക്കറിയുടെ ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആണ്. 2021-22 വർഷം നമുക്ക് പച്ചക്കറിയുടെ കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞത്, 16.01 ലക്ഷം മെട്രിക് ടൺ ആണ്. ഇത് വളരെ പ്രധാനപ്പെട്ട കണക്കാണ്. കേരളത്തിൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വലിയ മുന്നേറ്റമാണ് നടത്തുന്നത്. ഒരു കണക്ക് അങ്ങയുടെ അറിവിലേക്കായി ഇവിടെ സൂചിപ്പിക്കട്ടേ, കേരളത്തിൽ സാധാരണ നിലയിൽ നമുക്ക് ഉപയോഗിക്കേണ്ടി വരുന്ന പച്ചക്കറികളുടെ കണക്ക് 20 ലക്ഷം മെട്രിക് ടണ്ണാണെന്നാണ് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ പറയുന്നത്. ഇത് കുറച്ചുകൂടി നന്നായാൽ, മൂന്നരക്കോടി മലയാളികളെ പൂർണ്ണമായും

ആരോഗ്യവാൻമാരാക്കി മാറ്റണമെങ്കിൽ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് പറയുന്നത് 200 ഗ്രാം പച്ചക്കറിയും, 50 ഗ്രാം ഇലവർഗ്ഗങ്ങളും, 50 ഗ്രാം കിഴങ്ങും, 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണെന്നാണ്. അങ്ങനെവന്നാൽ 33.73 ലക്ഷം മെട്രിക് ടൺ പച്ചക്കറി വേണ്ടിവരും. അങ്ങ് പറഞ്ഞതുപോലെ പുറത്തുനിന്നുള്ള വിഷലിപ്തത പച്ചക്കറികളുടെ ഉപയോഗം ക്യാൻസർ ഉൾപ്പെടെയുള്ള അസുഖങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് 20 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുന്നിടത്ത് 16 ലക്ഷം മെട്രിക് ടൺ പച്ചക്കറി നമുക്ക് ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു, 4 ലക്ഷം മെട്രിക് ടൺ പച്ചക്കറി വർദ്ധിപ്പിക്കാൻ വേണ്ടി കേരളത്തിലെ ഗവൺമെന്റ് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പദ്ധതി എന്ന നിലയിൽ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടുകൂടി വലിയ ജനകീയ മുന്നേറ്റം കേരളത്തിൽ സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സർക്കാരിന്റെ കാർഷിക നയത്തിൽ പറഞ്ഞിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, കാർഷിക ഉൽപ്പന്നങ്ങൾ വിറ്റ്

കിട്ടുന്ന വരുമാനത്തിന്റെ ഒരു ഭാഗം കർഷകർക്ക് നൽകുമെന്നുള്ളതാണ്. ഇതുവരെ അത് പ്രാവർത്തികമായി കണ്ടിട്ടില്ല. അതിനുള്ള നടപടികൾക്കൊപ്പംതന്നെ നേരത്തെ വിദ്യാലയങ്ങളിലും സർക്കാർ ഓഫീസുകളിലും വഴിയോരങ്ങളിലുമൊക്കെ ക്രമാതീതമായി ഓർഗാനിക് പച്ചക്കറികളുടെ ഉൽപ്പാദനം ഒരു മിഷനായി നമ്മൾ കൊണ്ടുപോയിരുന്നു. ഇടയ്ക്കുവച്ച് വിദ്യാലയങ്ങൾ ഉൾപ്പെടെ അതിൽ നിന്ന് ഒന്നു പുറകോട്ട് പോയിട്ടുണ്ട്. അതിനുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് വിഷരഹിത പച്ചക്കറി എന്ന നിലയിലേക്കുള്ള മൂവ്മെന്റിലേക്ക് വിദ്യാലയങ്ങളേയും, പബ്ലിക് പ്ലെയ്സുകളേയും, ഗവൺമെന്റ് ഓഫീസുകളേയും കോർത്തിണക്കുന്ന പദ്ധതിക്ക് നേതൃത്വം കൊടുക്കുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടെ നന്നായി നടക്കുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നൊരു പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷി വകുപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ പദ്ധതി. ആ പദ്ധതിയിൽ സ്ഥാപനങ്ങളുടെ സമഗ്രമായിട്ടുള്ള പച്ചക്കറി വിതരണത്തിനുവേണ്ടി ഓരോ ക്ലസ്റ്ററിനും ഒന്നേകാൽ ലക്ഷം രൂപ അനുവദിക്കാനാണ് ഇത്തവണ ബഡ്ജറ്റിലൂടെ നമ്മൾ തീരുമാനിച്ചിട്ടുള്ളത്.

പച്ചക്കറി വിപണി ഒരുക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളെയും കൃഷി രംഗത്തേക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തുകയാണ്. നമ്മൾ ഒന്നിൽ നിന്നും പുറകോട്ട് പോയില്ലെന്നു മാത്രമല്ല, ഞാൻ നേരത്തെ പറഞ്ഞ പച്ചക്കറിയുടെ കാര്യത്തിൽ നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞ വലിയ മുന്നേറ്റം അക്ഷരാർത്ഥത്തിൽ കേരളത്തിലെ വിവിധ തലങ്ങളിൽ നമ്മൾ ഉണ്ടാക്കിയെടുക്കാൻ പോകുന്ന കൃഷി മുന്നേറ്റത്തിന്റെ ഭാഗമാണ്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയിൽ കേരളത്തിലെ ഗവൺമെന്റ് കൃഷിക്കൂട്ടങ്ങളിലൂടെ ഉണ്ടാക്കണമെന്ന് നിശ്ചയിച്ചത് ആദ്യഘട്ടത്തിൽ 10000 കൃഷിക്കൂട്ടങ്ങളാണ്, അഭിമാനപൂർവ്വം പറയട്ടേ പതിനായിരം കൃഷിക്കൂട്ടങ്ങളെ ലക്ഷ്യം വച്ച് ആരംഭിച്ച പദ്ധതി ഇതിനകം തന്നെ 23436 കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്, ശക്തമായി നമുക്ക് മുന്നോട്ട് പോകാം.

<u>ശ്രീമതി ഉമ തോമസ്</u>: സർ, കർഷകരിൽനിന്നും കർഷക സംഘങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച് വിതരണം നടത്തിയെങ്കിലും അതിന്റെ വില ഇതുവരെയും അവർക്ക് കൊടുത്തിട്ടില്ല; അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, തീർച്ചയായും ഈ അഭിപ്രായം ശരിയാണ്.

ഹോർട്ടികോർപ്പ് പണം കൊടുക്കാനുള്ള കേസുകൾ ഓരോന്നായി സർക്കാർ ഇടപെട്ട് പരിഹരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21.25 കോടി (21,25,00,000/-) രൂപ ഇതിനുവേണ്ടി ഇപ്പോൾത്തന്നെ അനുവദിച്ചുകഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 16.25 കോടി രൂപയും ഈ സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് വിതരണം ചെയ്യാനുള്ള സംഖ്യകൾ അതിവേഗം കൊടുത്തുതീർക്കാൻ സർക്കാരും ഹോർട്ടികോർപ്പും പ്ലാൻ ചെയ്തുവരികയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാടിന്റെ നട്ടെല്ലാണ് കർഷകർ. കാരണം, മണ്ണിനോട് മല്ലടിച്ചുകൊണ്ട് കൃഷി ചെയ്യുന്ന കർഷകർ വലിയ പ്രയാസങ്ങൾ നേരിട്ട് മുന്നോട്ടുപോകുമ്പോഴും കൃഷി നിർത്തുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പല ഘട്ടങ്ങളിലും വൻതോതിൽ കൃഷിനാശങ്ങളുണ്ടാകാറുണ്ട്. പലപ്പോഴും കാലാവസ്ഥാ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ കൃഷിനാശമുണ്ടാകുമ്പോൾ കർഷകർക്ക് ഗവൺമെന്റ് നഷ്ടപരിഹാരം കൊടുക്കുന്നുണ്ടെങ്കിലും അത് വളരെ തുച്ഛമാണ്. ഇതുമാത്രമല്ല; ഈ

നഷ്ടപരിഹാരം സമയബന്ധിതമായി കൊടുക്കാൻ സാധിക്കാത്തതുമൂലം കർഷകർ വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. കർഷകർ നാടിന്റെ നട്ടെല്ലായതുകൊണ്ട്, അവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നും ആയത് അടുത്ത കൃഷിനാശം വരുമ്പോൾ കൊടുക്കുന്നതിനുപകരം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജൻ: സർ, കണക്കുകൾ അങ്ങനെയല്ല പറയുന്നത്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6743 കോടി രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചതിൽ കേരളത്തിലെ പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായി അതേവർഷം 6729 ലക്ഷം രൂപ ഈയിനത്തിൽ കൊടുത്തു തീർത്തിട്ടുണ്ട്. ഇതിനുപുറമെയാണ് SDRF (State Disaster Response Fund) -ൽ നിന്നും 1690 ലക്ഷം രൂപ ചെലവഴിച്ചത്. CMDRF-ൽ നിന്നും കഴിഞ്ഞ വർഷത്തെ ബാക്കിയുള്ള 23 കോടി രൂപ കൂടി കണക്കിലെടുത്താൽ 8443 ലക്ഷം രൂപ കഴിഞ്ഞ ഒരു വർഷക്കാലം പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. മാത്രമല്ല; കഴിഞ്ഞവർഷം വിള ഇൻഷ്വറൻസിന്റെ ഭാഗമായി കൊടുത്തുതീർത്തിട്ടുള്ളത് 3179 ലക്ഷം (31,71,00,000/-)

രൂപയാണ്. ഇത്തവണ വിള ഇൻഷ്വറൻസിനുവേണ്ടി 300 ലക്ഷം രൂപ കൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. കാലാവസ്ഥാവ്യതിയാനം ഉണ്ടാകുന്നതിനനുസൃതമായി ഇക്കാര്യത്തിൽ ചില മാറ്റങ്ങളുണ്ടാക്കേണ്ടതുണ്ട്. അതുകൊണ്ട് ഇത്തവണ ഗവൺമെന്റ് വിളയധിഷ്ഠിത ഫാമിംഗ് എന്നതിൽനിന്നും വിളയധിഷ്ഠിത ആസൂത്രണമെന്നതിൽനിന്നും വ്യത്യസ്തമായി വിളയിടാധിഷ്ഠിത ആസൂത്രണമെന്ന പദ്ധതിയിലേയ്ക്ക് പോകുന്നത്. ഇത് കേരളത്തിന്റെ ഒരു ചരിത്ര മാറ്റമാണ്. കർഷകന്റെ കൈവശമുള്ള കൃഷിയിടങ്ങളിൽ വിവിധ സംരംഭങ്ങൾ സമർത്ഥമായി സമന്വയിപ്പിച്ച് സാധ്യമായ എല്ലാവിധത്തിലും ഉല്പാദനം വർദ്ധിപ്പിക്കാൻ കൃഷിയിടാധിഷ്ഠിത മാസ്റ്റർ പ്ലാനിലൂടെ സാധിക്കും. ഇതുവഴി വിളനാശം മൂലം ഒരു കോർപ്പിനുമാത്രം പ്രത്യേകമായുണ്ടാകുന്ന നഷ്ടം മാറ്റിയെടുത്ത് ഒരു പുതിയ സിസ്റ്റം കേരളത്തിൽ കൊണ്ടുവരാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ ഫ്രൂട്ടുല്പാദിപ്പിക്കുന്ന പ്രദേശമാണ് ചാലക്കുടി

നിയോജക മണ്ഡലത്തിലെ പരിയാരം, മേലൂർ, കോടശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ. ഇത്തരം പഴവർഗ്ഗങ്ങളുടെ സംഭരണവും വിപണനവുമായി ബന്ധപ്പെട്ട യാതൊരു പദ്ധതിയും നാളിതുവരെ നിലവിലില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ഇടനിലക്കാർ ലാഭം കൊയ്യുന്ന അവസ്ഥയാണുള്ളത്. ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രപദ്ധതി ചാലക്കുടി കേന്ദ്രീകരിച്ച് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അംഗം പറഞ്ഞത് വളരെ ശരിയായ ഒരു കാര്യമാണ്. ആ പ്രദേശത്തെ അറിയാവുന്ന ഒരാളെന്ന നിലയിൽ പ്രത്യേകമായൊരു പദ്ധതി അവിടെ വേണമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷെ, കേരളത്തിലിപ്പോൾ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ആശയം വച്ചുകൊണ്ട് തയ്യാറാക്കിയ കൃഷിക്കൂട്ടങ്ങൾക്ക് മൂന്ന് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ കൊടുത്തിട്ടുണ്ട്. അതിലൊന്ന് കാർഷിക ഉല്പാദനമാണെങ്കിൽ മറ്റൊന്ന് കാർഷിക സേവനവും മൂന്നാമത്തേത് കാർഷിക വിളകളുടെ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുമാണ്. ആ നിലവാരത്തിൽ അങ്ങ് പറഞ്ഞ വിളകളെക്കൂടി പ്രത്യേകമായി പരിഗണിച്ച്

ക്ലസ്റ്ററെന്നതുപോലെ പ്രസ്തുത ഫലങ്ങളുടെ സംഭരണത്തിനും വിതരണത്തിനും പ്രത്യേക പ്രാധാന്യം നൽകാവുന്ന കൃഷിക്കൂട്ടങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആരംഭിച്ചത് വളരെ സ്വാഗതാർഹമാണ്. അതുവഴി പതിനായിരം കർഷകക്കൂട്ടങ്ങളാണ് ലക്ഷ്യം വച്ചതെങ്കിലും ഇപ്പോളത് ഇരുപത്തയ്യായിരത്തിലേയ്ക്ക് വർദ്ധിച്ചുവെന്നുള്ളത് ഗവൺമെന്റിന് കർഷകരുടെ പിന്തുണയുണ്ടെന്ന് വ്യക്തമാക്കുന്ന കാര്യമാണ്. വിഷം തീണ്ടിയ പച്ചക്കറിയിൽനിന്നും മോചനത്തിനായി വിഷഘടകങ്ങൾ ശാസ്ത്രീയമായി പരിശോധിക്കാനും ശാസ്ത്രീയ കൃഷിരീതികൾ വ്യാപിപ്പിക്കാനും ഉറവിട ട്രേസിംഗ് പ്ലാറ്റ്ഫോമുകൾ സ്ഥാപിക്കുന്നതിനും മായം ചേർക്കലിനും വിഷാംശത്തിനുമെതിരെ കർശനനടപടി സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ എടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിലേയ്ക്ക് അനിയന്ത്രിതമായി വിഷം

ചേർത്ത പച്ചക്കറികൾ കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടുള്ള പ്രയാസങ്ങൾ പൊതുവെ ജനങ്ങളുടെ ജീവിതത്തിലും ശീലങ്ങളിലും വന്നിട്ടുണ്ട്. അതിന്റെ ഭാഗമായാണ് കേരളത്തിനാവശ്യമായ മുഴുവൻ ഉല്പന്നങ്ങളും ഇവിടെത്തന്നെയുണ്ടാക്കുകയെന്നതാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പിലാക്കപ്പെടുന്നതാണ്. ഇതോടൊപ്പം കാർഷിക സർവ്വകലാശാല കേന്ദ്രീകരിച്ച് പുറത്തുനിന്ന് എത്തിച്ചേരുന്ന പച്ചക്കറികളിലുള്ള വിഷാംശങ്ങളെ കണ്ടെത്താനും അതിനെ പിടിച്ചെടുക്കാനുമുള്ള വിധത്തിൽ ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാല ഇതിനകം ഒരു പ്രോജക്ട് കൃഷിവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 'Safe to Eat' എന്ന പദ്ധതിയുടെ ഭാഗമായി ടി പ്രോജക്ട് നടപ്പിലാക്കുകയെന്നതാണ് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന കൃഷിവകുപ്പിനെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്.

കർഷകർക്ക് ന്യായവില ഉറപ്പാക്കേണ്ടതും അതോടൊപ്പം ഇത് വളരെക്കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് കിട്ടുകയും വേണം. അതിനുവേണ്ടിയുള്ള ഏതൊക്കെ നടപടികളാണ്; പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് പരമാവധി വില കർഷകന് കിട്ടാനും എന്നാൽ പൊതുജനങ്ങൾക്ക് ഇത് വാങ്ങുമ്പോൾ കുറഞ്ഞ വിലയിൽ വിഷരഹിതമായിട്ടുള്ള പച്ചക്കറികൾ ലഭ്യമാക്കാനും വേണ്ടി കൃഷിവകുപ്പ് എടുത്ത നടപടികളെന്തൊക്കെയാണെന്നാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് അംഗം ചോദിച്ചത്. കേരളത്തിൽ രണ്ടുമൂന്ന് കാര്യങ്ങളിൽ ഗവൺമെന്റ് വലിയ മുന്നേറ്റം നടത്തിയിരിക്കുകയാണ്. 'കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതി' കേരളത്തിൽതന്നെ ചർച്ച ചെയ്യപ്പെട്ടതിലും നടപ്പിലാക്കപ്പെട്ടതിലും വച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. 2020 നവംബർ 1-ാം തീയതി കേരളപ്പിറവി ദിനത്തിലാരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലിപ്പോൾ 300 മാർക്കറ്റുകൾ ആരംഭിച്ചിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് വിവിധങ്ങളായ വിലകൾ പ്രഖ്യാപിച്ചിട്ടുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതുകൊണ്ട് ശ്രദ്ധയിൽപ്പെടുത്തുന്നില്ല. ആ

വിലയേക്കാൾ പൊതുമാർക്കറ്റിൽ വില താഴ്ന്നാൽ ഈ മുന്നോറോളം വരുന്ന സംഭരണ കേന്ദ്രങ്ങളിൽ അത് സംഭരിക്കാനും 16 ഇനങ്ങളിൽ താങ്ങുവില പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പ്രത്യേകമായി ഉത്സവകാലഘട്ടത്തിൽ കൃഷിവകുപ്പിന്റെ VFPCK-യും ഹോർട്ടികോർപ്പും ചേർന്ന് ആരംഭിച്ചിട്ടുള്ള കർഷകചന്തകളിൽ ഒരേ സമയം കർഷകരെയും ഉപഭോക്താക്കളെയും സഹായിക്കുന്ന നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകന് ഉല്പന്നങ്ങൾ മാർക്കറ്റിൽ വിറ്റാൽ കിട്ടുന്ന രൂപ എത്രയാണോ അതിനെക്കാൾ 10% കൂടുതൽ കൊടുത്ത് അവരിൽ നിന്നും അത് സംഭരിക്കുകയും എത്രയാണോ ഉപഭോക്താവിന് മാർക്കറ്റിൽ കിട്ടുന്നത് അതിനെക്കാൾ 30% വിലകുറച്ച് വിപണിയിലേയ്ക്ക് കൊടുക്കുകയും ചെയ്യുന്ന അത്ഭുതകരമായ ഒരു പ്രവർത്തനമാണ് കഴിഞ്ഞ 6 വർഷക്കാലമായി കൃഷി വകുപ്പ് ചെയ്യുന്നത്. 'ഒന്ന് ചീഞ്ഞാലേ മറ്റൊന്നിന് വളമാകൂ' എന്നത് പഴമൊഴി അല്ലെന്ന് തെളിയിക്കുന്ന വിധത്തിൽ കർഷകന് കൂടുതൽ പണവും ഉപഭോക്താവിന് കുറഞ്ഞ പണവും കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള സബ്സിഡി കേരളത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി കൃഷിവകുപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ

നടത്തിക്കൊണ്ടിരുന്ന ഉത്സവകാല ചന്തകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ജോയിന്റ് പ്ലാറ്റ്ഫോം ഉണ്ടാക്കാനും കൃഷിവകുപ്പിന് ഈ കാലത്ത് സാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: വിഷയം പച്ചക്കറിയായതുകൊണ്ട് പൊതുവിലൊരു ഉദാസീനത കാണാനുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കണക്കുകളാണ്. അത് ഈ സഭയിൽ പറയാൻ കൊള്ളാം. പക്ഷേ, ഞാൻ പറയുന്നത് അനുഭവമാണ്. എന്റെ മണ്ഡലത്തിലെ തെന്നല പഞ്ചായത്തിൽ ഒരു കൂട്ടം ചെറുപ്പക്കാർ തണ്ണിമത്തൻ കൃഷി നടത്തിയപ്പോൾ അകാലത്തിൽ മഴവന്നു. വിളവായെങ്കിലും സാധനം മാർക്കറ്റിൽ കൊണ്ടുപോകാൻ കോവിഡായതിനാൽ കഴിഞ്ഞില്ല; അവസാനം പഞ്ചായത്തിലെ ആൾക്കാരെയെല്ലാം വിളിച്ചുകൂട്ടി ചെറിയ സംഖ്യയ്ക്ക് എല്ലാ വീടുകളിലേയ്ക്കും തണ്ണിമത്തൻ കൊടുക്കുകയാണുണ്ടായത്. ഭീമമായ നഷ്ടമല്ലേ ആ ചെറുപ്പക്കാർക്കുണ്ടായത്. വീണ്ടും അവരോട് കൃഷിയിലേയ്ക്ക് പോകണമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയുമോ; ഇങ്ങനെവരുന്ന പ്രത്യേകഘട്ടങ്ങളിൽ നാമമാത്രമായ നഷ്ടപരിഹാരംകൊണ്ട് അവരുടെ

പ്രയാസം അഭിമുഖീകരിക്കാൻ കഴിയില്ലെന്ന സാഹചര്യം കണക്കിലെടുത്ത് അവർക്ക് എന്തെങ്കിലും സഹായം ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് കുറച്ചുകൂടി അന്വേഷിച്ചാൽ ഇതുസംബന്ധിച്ച കാര്യങ്ങൾ ബോധ്യപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം, നാമമാത്രമായ സംഖ്യയല്ല ഇതിനായി ഇവിടെ ചെലവഴിച്ചത്. കേരളത്തിൽ 2020-ൽ പ്രഖ്യാപിച്ച താങ്ങുവില പദ്ധതി, 21 വർഷത്തിനുശേഷം 2017-ൽ പുതുക്കി നിശ്ചയിച്ച വിള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവ കൃഷിക്കാർക്ക് വലിയ സഹായമാണ് ചെയ്യുന്നത്. അങ്ങ് പറഞ്ഞതുപോലെ കോവിഡിനുശേഷമുള്ള കാലഘട്ടത്തിൽ മറ്റുവിളകളേക്കാൾ അധികോത്പാദനം നടത്തിയ വിളകളിലൊന്നാണ് മരച്ചീനി. നമ്മുടെ നാട്ടിലെ ആളുകൾക്ക് കോവിഡ് മഹാമാരി പിടിപെട്ടകാലത്ത്, കൃഷിക്കാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നാം കൊണ്ടുവന്ന പദ്ധതിയിലൂടെ മരച്ചീനി ധാരാളമായി ഉത്പാദിപ്പിക്കുകയും അതിന്റെ പൂർണ്ണമായ വിപണനം സാധ്യമല്ലാതെവരികയും ചെയ്ത ഘട്ടത്തിലാണ് കൃഷി വകുപ്പ്

ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലെയും മരച്ചീനി സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുകയും അത് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റി വിതരണം ചെയ്യുകയും ചെയ്തു. അങ്ങ് ചോദിച്ചതുകൊണ്ട് ഞാൻ പറയുകയാണ്, കേരളത്തിലെ ഗവൺമെന്റ് ഈ കാലയളവിൽ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ 80 യൂണിറ്റുകൾ ആരംഭിച്ചു. മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും കഴിയുന്നവിധത്തിൽ ഇത്തരം സംവിധാനങ്ങളെ മുമ്പോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങൾ ഉത്പന്നങ്ങളുടെ വിപണനം സംബന്ധിച്ചുണ്ടായാൽ, ബന്ധപ്പെട്ട ഗവൺമെന്റ് ഏജൻസികൾ മുൻകൈയെടുത്ത് മരച്ചീനി ശേഖരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ഹോർട്ടികോർപ്പ് -നെക്കൊണ്ട് വിതരണം ചെയ്യിച്ചതുപോലെയുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ ചക്കയെ ഗവൺമെന്റിന്റെ വിളയായി പ്രഖ്യാപിച്ചത് അങ്ങേയ്ക്കറിയാമെന്ന് ഞാൻ കരുതുകയാണ്. വയനാട്ടിലും ഇടുക്കിയിലുമായി രണ്ട് കേന്ദ്രങ്ങൾ ആരംഭിച്ച്, ഒരു കിലോ ചക്കയ്ക്ക് അതത് സ്ഥലങ്ങളിലുള്ള വിലയേക്കാൾ 5 രൂപ കൂടുതൽ കൊടുത്ത് സംഭരിക്കാനുള്ള

അനുവാദം നൽകിയപ്പോൾ ആദ്യവർഷം 40 മെട്രിക് ടൺ ചക്കയും രണ്ടാംവർഷം നൂറ് മെട്രിക് ടൺ ചക്കയും സംഭരിക്കാൻ സാധിച്ചു. നിയമസഭാ സാമാജികരുമായി ആലോചിച്ച് അവരുടെ മണ്ഡലങ്ങളിലെ അധികോത്പാദനമുള്ള വിളകൾ സംഭരിക്കാനുള്ള നടപടി സ്വീകരിക്കാം. ഈ വിഷയത്തിൽ പലപ്പോഴും നമുക്കുണ്ടാകുന്ന പ്രശ്നം ഒരു പ്രൊഡക്ഷൻ കലണ്ടർ ഇല്ലെന്നതാണ്. പ്രൊഡക്ഷൻ കലണ്ടർ ഉണ്ടാക്കുന്നത് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഒരു പ്രധാന ഭാഗമാണ്. നമ്മുടെ മേഖലയിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഉത്പന്നങ്ങൾ ഏതൊക്കെ, അവയുടെ അളവ് എന്നിവയുടെ കണക്കെടുക്കെടുത്ത് ബന്ധപ്പെട്ട കൃഷിഭവനുകളിലേയ്ക്ക് നൽകിയാൽ അവ വിതരണംചെയ്യാനും, വിപണനം ചെയ്യാനുമുള്ള സൗകര്യം ഉണ്ടാക്കുന്നതാണ്. ക്രോപ്പ് കലണ്ടറും പ്രൊഡക്ഷൻ കലണ്ടറും കൃഷി വകുപ്പിൽ അനിവാര്യമാണ്. അതത് മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്ന കാർഷിക പ്രോജക്ടുകളിലൂടെ ആ വിവരം കൃഷിവകുപ്പിനെ അറിയിക്കണമെന്നാണ് സർക്കാരിന്റെ അഭ്യർത്ഥന. അതിനനുസരിച്ച് നടപടകൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഗ്രൂപ്പ് കൃഷിയും സംയോജിത കൃഷിയും

കൂടുതൽ മികവുറ്റതാക്കുന്നതിനായി 'കൃഷിക്കൂട്ട് ' എന്ന സംവിധാനം ഏതുതരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാന്യയായ അംഗം ഉന്നയിച്ചത്. അയൽക്കൂട്ടങ്ങൾ പോലെ കേരളത്തിലെ കൃഷിക്കൂട്ടങ്ങൾ യഥാർത്ഥ്യമാവുകയാണ്. എത്ര മനോഹരമായ ആശയമാണ് ഈ ഗവൺമെന്റ് പങ്കുവെയ്ക്കുന്നതെന്ന് അങ്ങ് സങ്കൽപ്പിച്ചുനോക്കൂ! സംസ്ഥാനത്ത് 23436 കൃഷിക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. കൃഷിക്കൂട്ടങ്ങളുടെ ചുമതല കാർഷിക ഉത്പാദനം മാത്രമല്ല, അവയിൽ 80% യൂണിറ്റുകളെ ഉത്പാദന മേഖലയിൽ നിലനിർത്തുമ്പോൾ ബാക്കിവരുന്ന 20% കൃഷിക്കൂട്ടങ്ങൾ സേവനത്തിനും അതോടൊപ്പം സംസ്കരണ-മൂല്യവർദ്ധിത ഉത്പാദന പ്രക്രിയയ്ക്കുംവേണ്ടി നിലകൊള്ളുകയാണ്. ഉദാഹരണമായി ഒരു കൃഷിക്കൂട്ടം വിള ഉത്പാദന മേഖലയിൽ പ്രവർത്തിച്ചാൽ അതിലേയ്ക്കുള്ള യന്ത്രസാമഗ്രികൾ, കർഷകത്തൊഴിലാളികളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ എന്നിവ നിർവ്വഹിക്കാൻ മറ്റൊരു കൃഷിക്കൂട്ടത്തിന് സാധിക്കും. ലഭ്യമാകുന്ന കാർഷികോത്പന്നങ്ങൾ സംസ്കരിക്കാനും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി

മാറ്റാനും മറ്റൊരു കൃഷിക്കൂട്ടത്തിന് സാധിക്കും. കൃഷിക്കൂട്ടത്തിലെ 80 ശതമാനത്തിന് ഉത്പാദന പ്രക്രിയയിലും ബാക്കി 20 ശതമാനത്തിന് മൂല്യവർദ്ധിത - സംസ്കരണ - സേവന മേഖലകളിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നതരത്തിൽ ശ്രദ്ധേയമായ ഒരു സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതനുസരിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്തിൽ പ്രസ്തുത വകുപ്പുമായി കൂടിയാലോചിച്ച് അതത് സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടെത്തുന്ന സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കും. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങൾ ഉണ്ടായിരിക്കുന്നതും 5 സെന്റ് മുതൽ 2 ഏക്കർ ഭൂമിയിൽ വരെ കൃഷിചെയ്യാൻ കഴിയുന്നതുമാണ്. ഉത്പാദനം മാത്രമല്ല, വിപണനവും യന്ത്രസഹായങ്ങളും ജോലി ഏൽപ്പിക്കുന്നതടക്കം ആവശ്യമായ എല്ലാ പ്രവർത്തനങ്ങളിലേയ്ക്കും അവയെ കൊണ്ടുപോകാൻ കഴിയും. കേരളത്തിന്റെ കാർഷിക മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതടക്കമുള്ള നടപടികളിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുന്നതരത്തിലാണ് കൃഷിക്കൂട്ടങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## വിള ഇൻഷുറൻസ് പദ്ധതി

(*273) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും പ്രകൃതി ക്ഷോഭങ്ങളും മൂലം വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻകാലങ്ങളെ അപേക്ഷിച്ച് കർഷകർക്ക് കൂടുതൽ തുക നഷ്ടപരിഹാരമായി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷിനാശം ഉണ്ടായാൽ കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് ഇൻഷ്വറൻസ് വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വിശദമാക്കാമോ;

(ഡി) കൃഷിനാശം വിലയിരുത്തി റിപ്പോർട്ട് അയയ്ക്കുന്നതിനായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യകൾ

ഉപയോഗിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി മുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ പദ്ധതികൾ കൃഷിവകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. യഥാസമയം കർഷകർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കുന്നതിനും, പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം തുക അതത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ എയിംസ് പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നു.

വിള ഇൻഷുറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ

കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി ലഭ്യമാക്കുന്നതിനും നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും സാദ്ധ്യമാകുന്നുണ്ട്. അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6743.86 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 6493.47781 ലക്ഷം രൂപയും, മടവീഴ്ചയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് മട പുനരുദ്ധാരണത്തിന് 12.16347 ലക്ഷം രൂപയും, വിതച്ച നെൽപ്പാടങ്ങൾക്കുണ്ടായ നാശനഷ്ടത്തിനായി കർഷകർക്ക് സൗജന്യമായി നെൽ വിത്ത് നൽകിയ ഇനത്തിൽ സംസ്ഥാന

വിത്ത് വിതരണ അതോറിറ്റിക്ക് 200 ലക്ഷം രൂപയും, കീടരോഗ ബാധയുണ്ടായ കർഷകർക്ക് ആയതു നിയന്ത്രിക്കുന്നതിനായി 23.66608 ലക്ഷം രൂപയും ചേർത്ത് ആകെ 6729.30736 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും 1690.62807 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ 3200 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 3179.95005 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഫണ്ടിൽനിന്നും 825 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പ്രീമിയം സബ്സിഡിയുടെ സംസ്ഥാന വിഹിതമായി 6014.02090 ലക്ഷം

രൂപ നടത്തിപ്പ് ഏജൻസി ആയ ഇൻഷ്വറൻസ് കമ്പനിക്ക് വിതരണം ചെയ്തിട്ടുണ്ട്. ഉത്തരത്തിലെ (സി) പിരിവ് അൽപ്പം ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുകയാണ്. +

(ഡി) ഉണ്ട്. കൃഷി നാശം വിലയിരുത്തുന്നതിനും, കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, അർഹമായ നഷ്ടപരിഹാരം ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനും ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ മുഖേന സാധിക്കുന്നു. എയിംസ് പോർട്ടലിന്റെ മൊബൈൽ ആപ്പ് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഉപയോഗിക്കാവുന്നതാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കാലാവസ്ഥാ വ്യതിയാനംകൊണ്ടും പ്രകൃതിക്ഷോഭംകൊണ്ടും വന്യജീവികളുടെ ഉപദ്രവംകൊണ്ടും വ്യാപകമായി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വ്യാപകമായ ഇത്തരം കൃഷിനാശത്തിന് വിള ഇൻഷ്വറൻസിനുപുറമേ മറ്റേതെങ്കിലും പദ്ധതി മുഖേന ഗവൺമെന്റ് നഷ്ടപരിഹാരം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, സംസ്ഥാന വിള ഇൻഷ്വറൻസ് എന്നത് 27

---

\+ മറുപടിയിലെ 'സി' പിരിവ് അനുബന്ധമായി ചേർക്കുന്നു.

വിളകൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു നടപടിയാണ്. നേരത്തേ വായിച്ച ഉത്തരത്തിൽ പറഞ്ഞതുപോലെ ഇതിനുപുറമേ പ്രധാനമന്ത്രി ഫസൽ ഭീമായോജന എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾക്ക് നെല്ലും, മറ്റ് ജില്ലകൾക്കെല്ലാം വാഴയും മരച്ചീനിയും ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇതിനുപുറമേ പുനരാവിഷ്കൃത- കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം മറ്റുജില്ലകളിലെ നെല്ല്, പ്രഖ്യാപിക്കപ്പെട്ട മറ്റ് 21 വിളകൾ എന്നിവയ്ക്ക് എല്ലാ സീസണിലും ഇൻഷ്വർ ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ പ്ലാൻ ഫണ്ടിൽനിന്നും തുക മാറ്റിവച്ചുകൊണ്ട് പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട കർഷകരെ സഹായിക്കാൻ പ്രത്യേകമായ പദ്ധതി പ്രകൃതിക്ഷോഭയിനത്തിൽ കേരള സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നുണ്ട്. 2021-22 വർഷത്തിമാത്രം 6729 ലക്ഷം രൂപ പ്രകൃതിക്ഷോഭംമൂലം കൃഷിനശിച്ച കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 1690 ലക്ഷം രൂപ സംസ്ഥാന ദുരന്തപ്രതികരണനിധി (SDRF)-ൽനിന്നും വിതരംചെയ്തിട്ടുണ്ട്. ഇതടക്കം 2021-22 വർഷത്തിൽ കേരളത്തിൽ 8443

ലക്ഷം രൂപ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ടവരെ സഹായിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സംസ്ഥാനത്ത് റവന്യൂ തരിശുഭൂമിയായി കിടക്കുന്ന സ്ഥലം 'ഞങ്ങളും കൃഷിയിലേയ്ക്ക്'എന്ന പുതിയ സംരംഭത്തിനായി സൊസൈറ്റികൾ മുഖേനയോ വ്യക്തികൾ മുഖേനയോ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏത് ജില്ല കേന്ദ്രീകരിച്ച് ടി പദ്ധതി ആരംഭിക്കാൻ സാധിക്കും?

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ പ്രധാനമായും പച്ചക്കറി വിതരണത്തിന്റെ സ്വയംപര്യാപ്തതയാണ് വിഭാവനം ചെയ്യുന്നത്. യഥാർത്ഥത്തിൽ വരാൻപോകുന്ന പഞ്ചവത്സരപദ്ധതി ലക്ഷ്യം വച്ചുകൊണ്ടുള്ള വലിയൊരു പദ്ധതിയുടെ ടാർജറ്റാണ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്. നെല്ലുൽപ്പാദനത്തിൽ ഒരു ഹെക്ടറിൽ മൂന്ന് ടണ്ണാണ് ഇപ്പോഴുണ്ടാക്കാൻ കഴിയുന്നതെങ്കിൽ ഈ പഞ്ചവത്സരപദ്ധതി പൂർത്തീകരിക്കുന്നതോടെ ഒരു ഹെക്ടറിൽനിന്ന് നാലര ടൺ നെല്ലുണ്ടാക്കേണ്ടിവരുമെന്നതാണ് ടാർജറ്റ്. ഒരു തെങ്ങിൽനിന്ന് ഒരു വർഷം 36 നാളികേരമാണ് കിട്ടുന്നതെങ്കിൽ അത് 80

ആക്കി വർദ്ധിപ്പിക്കണമെന്നതാണ് ലക്ഷ്യം. ഒരു ഹെക്ടറിൽനിന്ന് 15 ടൺ പച്ചക്കറിയാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നതെങ്കിൽ അത് 30 ടണ്ണായി വർദ്ധിപ്പിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഞാൻ അക്കാര്യങ്ങൾ വിശദീകരിക്കുന്നില്ല. അതുകൊണ്ട് പച്ചക്കറിയുടെയും കാർഷികോത്പ്പാദനത്തിന്റെയും കാര്യത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം വകുപ്പുകളെയാണോ ബന്ധപ്പെടുത്താൻ കഴിയുന്നത് ആ വകുപ്പുകളെയെല്ലാം ബന്ധപ്പെടുത്തുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞതുപോലെ എല്ലാവരും കൃഷിക്കാരാവുക, എല്ലായിടങ്ങളും കൃഷിയിടങ്ങളാക്കുകയെന്നതാണ് ഞങ്ങളും കൃഷിയിലേയ്ക്കെന്ന പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. അതിന് പ്രത്യേകമായൊരു ജില്ല പറയേണ്ടതില്ല; എവിടെയൊക്കെയാണോ ആരംഭിക്കാൻ കഴിയുന്നത് അവിടെയെല്ലാം ടി പദ്ധതി ആരംഭിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, കാർഷിക മേഖലയിൽ മികച്ച ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിലും മാതൃകാപരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനംമൂലം

കാർഷിക മേഖല വളരെ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉരുൾപൊട്ടൽ, ജലത്തിന്റെ കുത്തൊഴുക്ക് ഇവ കാരണം ഭൂമിയുടെ ഘടനയിൽത്തന്നെ മാറ്റങ്ങൾ വരികയാണ്. കൃഷിഭൂമി പഴയ സ്ഥിതിയിലാക്കുവാൻ കർഷകർക്ക് പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് കഴിയാതെ വരുന്നു. അതുപോലെ കാലാവസ്ഥാ വ്യതിയാനംമൂലം അടിക്കടി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കർഷർക്ക് താങ്ങാൻ കഴിയാത്തൊരു നിലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ കൂടുതൽ ഉദാരമായ സാഹചര്യമുണ്ടാക്കുന്നതിന് പ്രത്യേകമായ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. ചില കാര്യങ്ങൾ നമ്മുടെ സാദ്ധ്യതകൾക്കനുസരിച്ച് നിൽക്കാൻ കഴിയും. ചിറ്റൂരിൽ നമ്മൾ പ്രാഥമികമായി പരിശോധിച്ചുകൊണ്ടിരിക്കുന്ന പ്രിസംഷൻ ഫാമിംഗ്, യഥാർത്ഥത്തിൽ ഇത്തരം

നഷ്ടങ്ങളുണ്ടാകുന്നതിൽനിന്നും വലിയതോതിൽ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ളൊരു പ്രോജക്ടാണ്. ഇൻഷ്വറൻസ് മേഖലയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സമഗ്രമായൊരു പരിഷ്കരണമാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി smart crop insurance എന്നൊരു പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ആദ്യഘട്ട ആലോചനകളിലേയ്ക്ക് ഗവൺമെന്റ് കടക്കുകയാണ്. ഇതിന്റെ ഭാഗമായി അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിനോടൊരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പൂന ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻഷുറൻസ് അക്കാഡമിയോടും ഇതുമായി ബന്ധപ്പെട്ടൊരു പ്രോജക്ട് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ നൽകുന്ന പക്ഷം ഇൻഷുറൻസ് പരിരക്ഷയെ കുറേക്കൂടി ഗംഭീരമായി അവതരിപ്പിക്കാനുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്. അങ്ങ് പറഞ്ഞത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കൂടി കേട്ടിട്ടുണ്ടാകുമെന്ന് എനിക്കറിയാം. അദ്ദേഹവുമായി കൂടിയാലോചിച്ച് അക്കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന

വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്ക്കരിക്കുന്നതിനും അത് ഇൻഷ്വറൻസ് കമ്പനി വഴി നടപ്പിലാക്കുന്നതിനുമായി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; അത്തരത്തിലൊരു പഠനം നടത്തിയിട്ടുണ്ടെങ്കിൽ കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ നേരത്തേ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ചത് പ്രധാനപ്പെട്ട ചോദ്യമാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി 2017-ൽ വീണ്ടും പുതുക്കുന്നതിലൂടെ 21 വർഷത്തിനുശേഷമുള്ള പുതിയൊരു സംരംഭമായാണ് നടപ്പിലാക്കിയത്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനോടാവശ്യപ്പെട്ടതനുസരിച്ച് പുതിയൊരു പ്രോജക്ട് അവർ തയ്യാറാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വിള നഷ്ടം തിട്ടപ്പെടുത്തേണ്ട രീതി അടിസ്ഥാനമാക്കി വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പ്രത്യേകമായ പാക്കേജുണ്ടാക്കി കർഷർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതാണെന്ന് അറിയിക്കുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന

മുദ്രാവാക്യമുയർത്തി കൃഷി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതി വളരെ വിജയകരമായി മുന്നേറുന്നതിൽ സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കോവിഡ് മഹാമാരി കാലത്താണ് മൊബൈൽ കണക്ടിവിറ്റിയുടെ പ്രശ്നം ഗൗരവമായി ചർച്ച ചെയ്തത്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് കുട്ടികൾ മൊബൈൽ കണക്ടിവിറ്റി കിട്ടാതെ മാവിൻ മരത്തിനുമുകളിൽ കയറിയിരുന്ന സംഭവം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും അദ്ദേഹം ബി.എസ്.എൻ.എൽ-മായി ബന്ധപ്പെട്ട് അവിടെ ബൂസ്റ്റർ സംവിധാനമൊരുക്കിയാണ് മൊബൈൽ കണക്ടിവിറ്റി ലഭിച്ചത്. ഇക്കാര്യം ഞാനിവിടെ പറയാൻ കാരണം, ഇപ്പോൾ കർഷകർക്ക് മൊബൈൽ ആപ്പിലൂടെയും അതുപോലുള്ള ആധുനിക സംവിധാനത്തിലൂടെയുമാണ് വിള ഇൻഷ്വറൻസ് രജിസ്റ്റർ ചെയ്യുന്നത്. അതിന് ഞങ്ങളെപ്പോലെ മൊബൈൽ കണക്ടിവിറ്റിയില്ലാത്ത ജില്ലകളിൽ പകരമായി എന്ത് എന്തുപകരം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്?

<u>ശ്രീ. കെ. രാജൻ</u>: സർ, അംഗം പറഞ്ഞത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഓൺലൈനിലൂടെ ഇത്തരം സംവിധാനങ്ങൾ കൊണ്ടുവരുന്നത് കൂടുതൽ

വേഗതയിൽ കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ്. അങ്ങ് പറഞ്ഞതുപോലെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഇൻഷ്വറൻസ് പോളിസികൾ നൽകാനുള്ള അവകാശം പി.ഒ.യിൽനിന്ന് ബ്ലോക്ക് എ.ഡി.ഒ.മാർക്ക് കൈമാറിയിട്ടുണ്ട്. അങ്ങ് ചോദിച്ച ചോദ്യം ഇവിടെ മൊബൈൽ ഫോണും സിഗ്നലും കിട്ടാത്ത സ്ഥലങ്ങളെ സംബന്ധിച്ചാണ്. കൃഷി വകുപ്പിന് പ്രത്യേകമായ നിർദ്ദേശം കൊടുത്ത് അക്ഷയ കേന്ദ്രങ്ങൾ പ്രദേശത്ത് സാദ്ധ്യമായില്ലെങ്കിൽ കൃഷി ഭവൻ നേരിട്ട് ഇവ ശേഖരിച്ച് ഓൺലൈൻ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്ത് കൊണ്ടുവരാനും അക്കാര്യത്തിൽ കൃഷിഭവനെക്കൂടി ചുമതലപ്പെടുത്താനും സർക്കാർ ആലോചിക്കുന്നതാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, പ്രകൃതിക്ഷോഭം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ വിളനാശം സംഭവിച്ച കൃഷിക്കാരുടെ അപേക്ഷകൾ യഥാസമയം പരിശോധിച്ച് നടപടിയെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അതിനുകാരണം പ്രധാന കാരണം കൃഷിഭവനുകളിൽ ആവശ്യത്തിന് സ്റ്റാഫില്ലാത്തതാണ്. ഫീൽഡ് വർക്കും ഓഫീസ് വർക്കും ഒരേസമയം സമാന്തരമായി ചെയ്യേണ്ട

ഗതികേടാണ്. ഈ ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിന് ഒരു ക്ലറിക്കൽ സ്റ്റാഫിനെയെങ്കിലും നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, തസ്തികകൾക്കനുസരിച്ച് ഏതെങ്കിലും സ്ഥലത്ത് ഒഴിവുകളുണ്ടെങ്കിൽ ആളുകളെ നിയമിക്കാനുള്ള സൗകര്യങ്ങൾക്ക് വേഗത കൂട്ടാം. അങ്ങ് പറഞ്ഞതുപോലെ വിളയ്ക്ക് അപകടമോ നാശനഷ്ടമോ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ അത് അപ്‌ലോഡ് ചെയ്യണമെന്നാണ് കർഷകനോട് പറഞ്ഞതെങ്കിൽ അതിന്റെ നഷ്ടപരിഹാരം കണക്കിലാക്കി 30 ദിവസത്തിനകം അപ്‌ലോഡ് ചെയ്യാൻ ഇപ്പോൾ കൃഷി ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം വേഗത്തിലാക്കാം.

ശ്രീ. എം. രാജഗോപാലൻ: സർ, കാലവർഷത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച് മടിക്കൈയിൽ ഏതാണ്ട് എൺപതിനായിരത്തോളം നേന്ത്രവാഴ വെള്ളത്തിനടിയിലാണ്. നെൽക്കൃഷിയും ഇതേ പ്രശ്നം നേരിടുകയാണ്. ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് കർഷകർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, മടിക്കൈയിൽ പ്രത്യേകമായ ടീമിനെ നിയോഗിച്ച് അക്കാര്യം എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യാനുള്ള സൗകര്യമുണ്ടാക്കാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നെൽ കർഷകരുടെ റോയൽറ്റിക്കും അതുപോലെ വിവിധ സീസണിലെ വിള ഇൻഷുറൻസിനും എയിംസ് പോർട്ടലിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. അപ്പോൾ ഇതിനെല്ലാം നിരവധി സർട്ടിഫിക്കറ്റുകൾ ഓരോ തവണയും ഹാജരാക്കേണ്ടതുണ്ട്. ഇതൊഴിവാക്കാനായി ഒറ്റ രജിസ്ട്രേഷൻ നടത്തി സ്മാർട്ട് കാർഡ് വിതരണം നടത്തിയാൽ പിന്നീടത് പുതുക്കുന്ന ഏർപ്പാട് ചെയ്താൽ മതിയാകും. അത് ചെയ്യാൻ കഴിയുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ ആശയം പരിശോധിക്കാവുന്നതാണ്. അതോടൊപ്പംതന്നെ നേരത്തെ അങ്ങ് പറഞ്ഞതുപോലെ ഇൻഷ്വറൻസ് പരിരക്ഷ കിട്ടണമെങ്കിൽ കേരള ബാങ്കിന്റെ ശാഖയിലടച്ച രസീത് കൊണ്ടുവന്ന് അപ്‌ലോഡ് ചെയ്യണം. അതുമാറ്റി കൃഷി

ഡയറക്ടറുടെ പേരിൽ ട്രഷറിയിൽ ഇതിനുവേണ്ടി മാത്രമായി അക്കൗണ്ടെടുത്ത് ഓൺലൈനിൽ അപ്ലൈ ചെയ്യുന്നവർക്കുതന്നെ ഓൺലൈനിലൂടെ പണമടയ്ക്കാനുള്ള സംവിധാനംകൂടി ചെയ്യുകയാണ്. ഇനി പുതുതായി അപ്‌ലോഡ് ചെയ്യേണ്ടിവരില്ല. ആ പ്രശ്നം അങ്ങനെ പരിഹരിക്കാൻ വേണ്ടി സാധിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, നിലമായി കിടക്കുന്ന പത്തോ ഇരുപതോ സെന്റ് സ്ഥലത്ത് വീട് വയ്ക്കണമെങ്കിലോ മറ്റാവശ്യങ്ങൾക്കോ കൃഷി ഓഫീസർ സ്ഥലം ഇൻസ്പെക്ട് ചെയ്യണം. കൃഷിഓഫീസും വില്ലേജാഫീസും കയറിയിറങ്ങി ജനങ്ങൾ ശരിക്കും പാടുപെടുകയാണ്. അങ്ങ് എന്തുപറഞ്ഞാലും അതിന് അനന്തമായ കാത്തിരിപ്പുണ്ടാകും. രണ്ട് വകുപ്പുകളുമായി ചേർന്നുള്ളൊരു വിഷയമായതുകൊണ്ടാണ് ഞാൻ ഇപ്പോൾ ചോദിച്ചത്.

മി. സ്പീക്കർ: മറുപടി പറയാനുള്ള സമയം കൊടുക്കണം.

ശ്രീ. അനൂപ് ജേക്കബ്: എത്രയും വേഗം ഇത്തരം കേസുകളിൽ അടിയന്തരമായി അനുമതി നൽകാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാജൻ: സർ, വില്ലേജോഫീസുകളിലുള്ള മുഴുവൻ

അപേക്ഷകളും നവംബർ മാസത്തിൽ തീർപ്പാക്കുന്നതാണ്. അതിനുമുമ്പ് എട്ട് ആർ.ഡി. ഓഫീസുകളിലുള്ളത് ആഗസ്റ്റ് മാസത്തിൽ തീർക്കും. അതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അധികമായി ഫയലുകളുള്ള 640 വില്ലേജുകൾക്കുവേണ്ടി 320 വാഹനങ്ങൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. വില്ലേജാഫീസർ ഒറ്റയ്ക്കുപോയി സ്ഥലം പരിശോധിച്ചശേഷം കൃഷി ഓഫീസർ പോകുകയെന്ന രീതി മാറ്റി വില്ലേജാഫീസറും കൃഷി ഓഫീസറും സർക്കാർ അനുവദിച്ച ഈ വാഹനത്തിൽ ഒരുമിച്ചുപോയി സ്ഥിതിഗതികൾ പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം വേഗത്തിൽ നടക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)